കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# എളവള്ളി ഗ്രാമപഞ്ചായത്ത്

2015- 16

ഓഡിറ്റ് റിപ്പോർട്ട്

തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

Email.dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.5)2126/2016


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ- 680 020

E.mail: dotsr.ksad@ksad.gov.in

Ph.0487 2331249,

തീയതി:16.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എളവള്ളി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : എളവള്ളി ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.5)2126/2016 തീയ്യതി: 16.01.2017

## തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 10.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും 3/2016 മാസത്തെ വിവിധ അക്കൗണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരിശോധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം |
|---|---|
| സാംഖ്യ രശീതികൾ - 9185500 മുതൽ 9186242 വരെ | 742 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു. ചേക്കുട്ടി , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.11.2016മുതൽ 15.11.2016 വരെ |

(ബി) ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | വി.ജി.തുളസീദാസ് | ഓഡിറ്റ് ഓഫീസർ |
| 2 | ഹണി കെ എസ് | അസി.ഓഡിറ്റ് ഓഫീസർ |
| 3 | മോഹനൻ പി വി | അസി.ഓഡിറ്റ് ഓഫീസർ |
| 4 | ഫെമിന എ എ | ഓഡിറ്റർ |
| 5 | സുമ വി കെ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീ.സി.എഫ്.രാജൻ | 01/04/2015മുതൽ 31/10/2015 വരെ |
| ഭരണനിർവ്വഹണ കമ്മിറ്റി | 01/11/2015 മുതൽ 06/12/2015 വരെ |
| ശ്രീമതി.യു കെ ലതിക | 07/12/2015മുതൽ 31/03/2016 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ടി എ പ്രേമരാജൻ | 01/04/2015 – 31/03/2016 |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | രാജശ്രീ കെ | 01/04/2015മുതൽ 18/08/2015 വരെ |
| | മിനി കെ ആർ | 20/08/2015 മുതൽ 31/03/2016 വരെ |
| അസി.എഞ്ചിനീയർ | പ്രദീഷ് കുമാർ വി കെ | 01/04/2015 മുതൽ 21/05/2015 വരെ |
| | നയന ജോസ് | 22/05/2015മുതൽ 26/06/2015 വരെ |
| | രാജിമോൾ എസ് രാജു | 27/06/2015 മുതൽ 01/11/2015 വരെ |
| | സവിത ടി വി | 02/11/2015 മുതൽ 31/03/2016 വരെ |
| കൃഷി ഓഫീസർ | സുജീഷ് എസ് | 01/04/2015 മുതൽ 31/03/2106 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ചിന്ത | 01/04/2015 മുതൽ 01/06/2015 വരെ |
| | ഡോ.ഗ്രീഷ്മ പി | 02/06/2015 മുതൽ 31/03/2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷാബു കെ | 01/04/2015 മുതൽ 11/07/2015 വരെ |
| | ഡോ.ജിജി ജോസ് കെ | 12/07/2015 മുതൽ 31/03/2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ദിവ്യ എൻ എസ് (എൻ ആർ എച്ച് എം) | 01/04/2015 മുതൽ 31/03/2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.അൻഷാദ് എം.എം | 01/04/2015 മുതൽ 31/03/2016 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | സ്റ്റെല്ല വി ഡി | 01/04/2015 മുതൽ 11/01/2016 വരെ |
| | ഉഷ കെ എസ് | 12/01/2016 മുതൽ 31/03/2016 വരെ |
| ഹെഡ്മാസ്റ്റർ | ഉഷ വിൻസന്റ് | 01/04/2015 മുതൽ 31/03/2016 വരെ |
| വി .ഇ .ഒ (വാക സർക്കിൾ) | പ്രസന്ന പി വി | 01/04/2015 മുതൽ 10/07/2015 വരെ |
| | ലിൻഷ എം | 15/07/2015 മുതൽ 31/03/2016 വരെ |
| വി.ഇ.ഒ (ബ്രഹ്മകുളം സർക്കിൾ) | സനൽകുമാർ വി കെ | 01/04/2015 മുതൽ 04/03/2016 വരെ (05.03.16 മുതൽ 31.03.16 വരെ ഒഴിവ്) |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| | ഭാഗം 2 | |
| 11 | രശീതി പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല. | 2-1 |
| 12 | രശീതി പുസ്തകം വഴി പിരിച്ചെടുത്ത തുക അടവാക്കിയില്ല. | 2-2 |
| 13 | ഭരണസമിതി തീരുമാനം നടപ്പാക്കുന്നില്ല-- പഞ്ചായത്തിന് വരുമാനനഷ്ടം | 2-3 |
| 14 | വാടക ഈടാക്കുന്നില്ല – പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം | 2-4 |
| 15 | ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ - രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല. | 2-5 |
| 16 | വസ്തുനികുതി നിർണ്ണയം- അപാകതകൾ | 2-6 |
| 17 | പരസ്യനികുതി ഈടാക്കേണ്ടതാണ് | 2-7 |
| 18 | സേവന ഉപനികുതി പഞ്ചായത്തിൽ ഈടാക്കുന്നില്ല | 2-8 |
| 19 | അനധികൃത കെട്ടിടനിർമ്മാണം- ക്രമവത്ക്കരണം നടത്തിയത് | 2-9 |
| 20 | ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചു. | 2-10 |
| 21 | ഡി&ഒ ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ പിഴവുകൾ | 2-11 |

| | | |
|---|---|---|
| 22 | ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല. | 2-12 |
| 23 | ടെണ്ടർ ഫോം വിൽപന-തുക പഞ്ചായത്തിന് ലഭ്യമായില്ല. | 2-13 |
| | ഭാഗം 3 | |
| 24 | ഇ എം എസ് ഭവനനിർമ്മാണപദ്ധതി --- 15.75ലക്ഷം രൂപഅക്കൗണ്ടിൽ വരവ് വച്ചിട്ടില്ല. | 3-1 |
| 25 | രേഖകൾ ലഭ്യമാക്കിയില്ല- ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-2 |
| 26 | പ്രോജക്റ്റ് നം.87/16-വികസന സ്മരണിക പുറത്തിറക്കൽ- മാർഗ്ഗരേഖക്ക് വിരുദ്ധം -ചെലവ് തുക നിരാകരിക്കുന്നു. | 3-3 |
| 27 | പ്രോജക്റ്റ് നം. 108/16-സ്ട്രീറ്റ് ലൈറ്റ് സ്പെയർപാർട്സ് വാങ്ങൽ-വാറന്റി കാലയളവിൽ ഉപകരണങ്ങൾ പ്രവർത്തനരഹിതമായി.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-4 |
| 28 | പ്രോജക്റ്റ് നം. 88/16- ഇലക്ട്രോണിക് സിംഗിൾ ട്യൂബുകൾ വാങ്ങൽ- സ്ഥാപിച്ചതിന്റെ രേഖയില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| 29 | തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് മുൻകൂറായി അടവാക്കി-അഡ്ജസ്റ്റ്മെന്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല. | 3-6 |
| 30 | പ്രോജക്റ്റ് നം.112/16-തെരുവ് വിളക്ക് അറ്റകുറ്റപ്പണി-ഇൻകം ടാക്സ് ഈടാക്കിയില്ല. | 3-7 |
| 31 | വിദ്യഭ്യാസ സ്കോളർഷിപ്പ് വിതരണം- അപാകതകൾ | 3-8 |
| 32 | പട്ടികജാതി | 3-9 |

| | | |
|---|---|---|
| | വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -രേഖകൾ ലഭ്യമായില്ല. -ചെലവ് തുക തടസ്സപ്പെടുത്തുന്നു. | |
| 33 | സ്വാന്തന പരിചരണം പദ്ധതി-മരുന്ന്, ഉപകരണങ്ങൾ ലഭ്യമായില്ല. | 3-10 |
| 34 | ജലനിധി പദ്ധതി-തനതു ഫണ്ടിൽ നിന്നും 33ലക്ഷം രൂപ നല്കി | 3-11 |
| 35 | കുടിവെള്ള പദ്ധതികൾ -ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടില്ല. | 3-12 |
| 36 | വാഹനപരിപാലനം-അപാകതകൾ | 3-13 |
| 37 | ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കൽ-അപാകതകൾ | 3-14 |
| 38 | കൈമാറികിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേ ജീവനക്കാരുടെ വേതനം നൽകൽ-ചിലവഴിച്ച സംഖ്യ ലഭ്യമായിട്ടില്ല. | 3-15 |
| 39 | പൊളിച്ചു മാറ്റിയ ഷീറ്റ് സ്റ്റോക്കിലെടുത്ത് ലേലം ചെയ്തില്ല. | 3-16 |
| 40 | സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 3-17 |
| 41 | ആശ്രയ പദ്ധതി | 3-18 |
| 42 | പദ്ധതിചെലവ് - പദ്ധതി പണം പൂർണ്ണമായും ചെലവഴിച്ചില്ല | 3-19 |
| | ഭാഗം 4 | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 50 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-8 |
| 51 | അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015- 16 വർഷത്തെ ബജറ്റ് 28.03.2015ലെ 75/15 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 146391852/- രൂപയും ചെലവ് 149670373/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 30.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

2015-16വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പ്പറയുന്ന അപാകതകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

1. നാളിതുവരെയുള്ള ആസ്തി,ബാദ്ധ്യത വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. നിർവ്വഹണോദ്യോഗസ്ഥർ മുഖേന നല്കുന്ന ഡെപ്പോസിറ്റുകൾ വാർഷിക കണക്കിൽ

അപ്രകാരമുള്ള ഹെഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. വാടക, ലേലം, വസ്തു നികുതി എന്നീ വരവിനങ്ങളുടെ കുടിശ്ശിക ഉൾപ്പെടെയുള്ള വിവരങ്ങൾ പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്ററുകൾ ലഭ്യമാക്കിയിട്ടില്ല.

4. ഇ.എം.എസ്. ലോൺ അക്കൗണ്ട് ചെയ്തത് ശരിയല്ല.
5. 2015-16 വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 16147429.18 |
| വരവ് | 88425745 |
| ആകെ | 104573174.18 |
| ചെലവ് | 101995490 |
| നീക്കിയിരിപ്പ് | 2577684.18 |

## 1-5ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3733628 | 6304644 | 10038272 | 10038272 | 4638146 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1067061 | 920000 | 1987061 | 1597541 | 389520 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 9000 | 9000 | 9000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 17313 | 1121079 | 11038292 | 1121079 | 17313 t/c to NR | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 242498 | 1895363 | 2137861 | 2137861 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2229823 | 4322117 | 6551940 | 3938424 | 2613516 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2674925 | 1624433 | 4299358 | 2664248 | 1635110 | 0 |

## 1-6പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 66193278 | 153 | 35012050 | 4 | 31 | 81.38 |

പൂർണ്ണമായും ഉപേക്ഷിച്ച പദ്ധതികൾ - 10

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 41.5ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+),(-) |
|---|---|---|---|---|
| നികുതി വരവുകൾ | 44,05,607 | 38,32,493 | 5,73,114 | (-)13 |
| നികുതിയേതര വരവുകൾ | 598150 | 977807 | 376957 | 63.47 |
| മറ്റുവരവുകൾ | 7113886 | 704697 | 6409189 | (-)90.09 |
| ആകെ | 1,21,17,643 | 70,87,788 | 5029855 | (-)41.5 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 241560 | 148 |
| കർഷകതൊഴിലാളി പെൻഷൻ | 2837400 | 547 |
| വിധവാപെൻഷൻ | 6149600 | 949 |
| വാർദ്ധക്യകാലപെൻഷൻ | 4471800 | 1356 |
| വികലാംഗപെൻഷൻ | 1831600 | 258 |
| വിധവകളുടെ | 822400 | 9 |

| | | |
|---|---|---|
| പെൺമക്കളുടെ വിവാഹ ധനസഹായം | | |

## 1-9ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/11/2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 1564/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2016-20.10.2016 | 09/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.11.2010 | 2005-06 മുതൽ 2009-10 വരെ | 04.01.2011 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രശീതി പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല.

17/09/2014 ന് അസി.എഞ്ചിനീയർക്ക് അനുവദിച്ച 29504 നമ്പർ രശീതി പുസ്തകം പരിശോധനക്ക് ലഭ്യമാക്കിയില്ല. ടി രശീതി പുസ്തകം ഉപയോഗിച്ച് ടെണ്ടർ ഫോം വില പിരിച്ചെടുത്തതായി കളക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട് . രശീതി പുസ്തകം ലഭ്യമാക്കാത്തതിനാൽ ആയത് പരിശോധിക്കാൻ സാധിച്ചില്ല. രശീതി പുസ്തകം കണ്ടെത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 രശീതി പുസ്തകം വഴി പിരിച്ചെടുത്ത തുക അടവാക്കിയില്ല.

എളവള്ളി ഗ്രാമപഞ്ചായത്തിലെ അസി.എഞ്ചിനീയർക്ക് 15/6/2015 ന് അനുവദിച്ച 54853 നമ്പർ രശീതി പുസ്തകത്തിലെ 77 ാം നമ്പർ രശീതി ഉപയോഗിച്ച് പിരിച്ചെടുത്ത 1050രൂപ അടവാക്കിയിട്ടില്ല. ടി തുക എത്രയും വേഗം അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മാത്രമല്ല പിരിച്ചെടുത്ത തുകകൾ യഥാസമയംതന്നെ പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കേണ്ടതാണ്. ഇക്കാര്യം സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

## 2-3ഭരണസമിതി തീരുമാനം നടപ്പാക്കുന്നില്ല-- പഞ്ചായത്തിന് വരുമാനനഷ്ടം

2015-16 സാമ്പത്തികവർഷം പഞ്ചായത്ത് ബസ് സ്റ്റാന്റ് വാടക,ഓട്ടോ ടാക്സി സ്റ്റാന്റ് വാടക , കുളങ്ങൾ,മരങ്ങൾ,ഉപയോഗശൂന്യമായ വസ്തുക്കൾ എന്നിവ ലേലം ചെയ്യുന്നതിന് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ ഈ തീരുമാനങ്ങളിൽ യാതൊരു നടപടിയും സ്വീകരിക്കാത്തത് പഞ്ചായത്തിന് വൻവരുമാനനഷ്ടം ഉണ്ടാക്കുന്നു.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീരുമാനം നം./തീയതി | തീരുമാനം |
|---|---|
| 93/15,21.4.15 | പഞ്ചായത്തിലെ 8 കുളങ്ങളിലെ മൽസ്യലേലം,പൂവത്തൂർ മൽസ്യമാർക്കറ്റ് തരക് പിരിവ് |
| 74/16,15.3.16 | അപകടാവസ്ഥയിലുള്ള മുറിച്ചുമാറ്റിയ മരങ്ങളുടെ ലേലം |
| 247/15,23.12.15 | 8 ാം വാർഡിലെ പള്ളിത്താഴം കോഴിത്തോട്ടിലെ മുറിച്ച മരങ്ങളുടെ ലേലം |
| 159/15,19.6.15 | ബസ് സ്റ്റാന്റ് കംഫർട്ട് സ്റ്റേഷൻ ലേലം |
| 30/16, 25.1.16 | പഴയ അലമാരകൾ,മേശ, കസേര,തെരുവുവിളക്ക് ഹോൾഡറുകൾ ലേലം |
| 115/15, 12.5.15 | ബസ് സ്റ്റാന്റിൽ പ്രവേശിക്കുന്ന വാഹനങ്ങളിൽ നിന്ന് തരക് പിരിവിന് ഗുരുവായൂർ റീജണൽ ട്രാൻസ്പോർട്ട് ഓഫീസർക്ക് അനുവാദം ആവശ്യപ്പെടുന്നതിന് (KPR Act Sn.227) |

വാർഷികകണക്കുകൾ പ്രകാരം ലേലം ഇനത്തിൽ 54530/- രൂപ മാത്രമാണ് വരവ്.

ഭരണസമിതി തീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കിയിരുന്നുവെങ്കിൽ ഈയിനത്തിൽ കൂടുതൽ വരുമാനം ലഭിക്കുമായിരുന്നു.

## 2-4 വാടക ഈടാക്കുന്നില്ല – പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം

2-4(1)പഞ്ചായത്തിലെ ഷോപ്പിംഗ് കോംപ്ലക്സിൽ നിന്ന് കൃത്യമായി വാടക പിരിച്ചെടുക്കുന്നില്ല. വാർഷികകണക്ക് പ്രകാരം വരവ് 62056 രൂപ മാത്രമാണ്.ആയതിന് ഡിസി ബി തയ്യാറാക്കിയിട്ടില്ല. മാത്രമല്ല വാടക ഡിമാന്റ് ചെയ്തിട്ടുമില്ല. 1515600/- രൂപ വാടക ഇനത്തിൽ വരവ് ഉണ്ടാകുമായിരുന്നു.എന്നാൽ ഈ വാടക പോലും നിലവിൽ പിരിച്ചെടുക്കുന്നില്ല. വാടക നിശ്ചയിച്ചതിന്റെ വിശദാംശങ്ങൾ.

പഞ്ചായത്ത് ഭരണസമിതിയുടെ 07/05/2015 ലെ 98/15 നം.തീരുമാനപ്രകാരം പൂവത്തൂർ ബസ്സ്റ്റാന്റിലെ ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴെനിലയിലെ 8മുറികൾ ലേലം നടത്തിയതിൽ താഴെപ്പറയുന്ന നിരക്കിൽ വാടക നിശ്ചയിച്ചു.

| കെട്ടിടനം. | വാടകക്കാരൻ | വാടക | വാർഷികവാടക |
|---|---|---|---|
| 13/437 B | അഭിനി ശശി, ഏങ്ങടി വീട് | 21500 | 258000 |
| 13/437 C | വർഗിസ് എൻ പി , നീലങ്കാവിൽ | 14000 | 168000 |
| 13/437 D | ഷാജി പി കെ , പൊന്നേവളപ്പിൽ | 15500 | 186000 |
| 13/437 E | ബിജു,കുരിയക്കോട്ട് | 16000 | 192000 |
| 13/437 F | രാജേഷ് കുമാർ, ചേലക്കര വീട് | 16000 | 192000 |
| 13/437 G (വിധവ സംവരണം) | ശാന്ത കുഞ്ഞുമോൻ പറക്കാട്ട് | 11500 | 138000 |
| 13/437 H (വികലാംഗസംവരണം) | ഷാജി വടാശ്ശേരി | 8800 | 105600 |
| 13/437 I (പട്ടികജാതി സംവരണം) | വാസു ടി കെ , ുമാട്ട് | 13500 | 162000 |
| | ആകെ | 116800 | 1401600 |

എന്നാൽ ഈ വാടക പിരിച്ചെടുക്കുന്നില്ല.

ഭരണസമിതിയുടെ 17/03/2015ലെ 65(3)/15 നം. തീരുമാനപ്രകാരം മുകൾനിലയിലെ 5മുറികളും,താഴത്തെ 1മുറിയും ചിറ്റാട്ടുകര സർവീസ് കോപ്പറേറ്റീവ് ബാങ്കിന് അനുവദിച്ചു

| കെട്ടിടനം | വാടക | വാർഷികവാടക | ഇനം |
|---|---|---|---|
| 13/437A | 2000 | 24000 | താഴെ നീതി സ്റ്റോർ |
| 13/437J | 7500 | 90000 | 5മുറികളും ഹാളും ഉൾപ്പെടെ മുകളിൽബാങ്ക് പ്രവർത്തനം |

ആകെ 114000/- രൂപ ലഭിക്കുമായിരുന്നു. ഈ നിരക്ക് PWD വാടക നിർണ്ണയിക്കുന്നതുവരെ എന്നായിരുന്നു തീരുമാനം. മാത്രമല്ല താഴെനിലയിലെ വാടക നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ്.

2.4(2) വനിത വ്യവസായ എസ്റ്റേറ്റിൽ 5 ബ്ലോക്കുകളിലായി കുടുംബശ്രീയുടെ അമൃതം നിർമ്മാണയൂണിറ്റ് ,ഫർണ്ണിച്ചർ നിർമ്മാണം,പെയിന്റ് നിർമ്മാണം എന്നിവ നടക്കുന്നതായി സ്ഥലം സന്ദർശിച്ച ഓഡിറ്റ് ടീമിന് കാണാൻ കഴിഞ്ഞു.എന്നാൽ ഇവയ്ക്ക് നാളിതുവരെ വാടക നിശ്ചയിക്കുകയോ ,ഈടാക്കുകയോ ചെയ്തിട്ടില്ല.

2.4(3) പഞ്ചായത്തിലെ മൽസ്യമാർക്കറ്റിലെ 4 മുറികൾ വാടകക്ക് നൽകിയിട്ടില്ല.പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള KSEB ഓഫീസിന് വാടക ഈടാക്കുന്നില്ല.

2.4(4) 2011 ൽ ബസ്സ്റ്റാന്റിൽ കെട്ടിടം പണിയുമെന്നവകാശപ്പെട്ട് ചില വ്യക്തികളിൽ നിന്ന് മുൻകൂർ കൈപ്പറ്റിയതിനാൽ മുറികൾ വാടകക്ക് നൽകുന്നതിനുള്ള ലേലം അംഗീകരിക്കുന്നില്ല എന്ന് ചില അംഗങ്ങൾ 07/05/2015 ലെ 98/15 നം.തീരുമാനത്തോട് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

മുൻകൂറിന്റെ വിവരം

| വ്യക്തികൾ | രസീത് നം.,തീയതി | തുക | മുറികൾ |
|---|---|---|---|
| വി ജെ ജോഷി,വടക്കുട്ട് | 7/44473/ 30.5.11 | 15000 | പൂവത്തൂർ ബസ്സ്റ്റാന്റ് കെട്ടിടമുറി 3എണ്ണം |
| ജോസ് ജേക്കബ്, അറക്കൽ | 8/44473/ 30.5.11 | 5000 | ടി |
| ജോൺസൺ,എലുവത്തിങ്കൽ | 9/44473/ 30.5.2011 | 5000 | ടി |

| | | | |
|---|---|---|---|
| അഹമ്മദ്,ചാലിൽ | 11/44473/ 5.6.11 | 5000 | ടി |
| അശോകൻ,കിളിയംപറമ്പിൽ | 12/44473/ 9.6.11 | 5000 | ടി |
| അരുൺ അശോക്,കിളിയംപറമ്പിൽ | 13/44473/ 9.6.11 | 5000 | ടി |
| ഉല്ലാസ്,വാഴപ്പിലാത്ത് | 14/44473/ 9.6.11 | 5000 | ടി |
| കെ കെ അബ്ദുൾ റഷീദ്,നാലകത്ത് | 15/44473/ 14.6.11 | 5000 | ടി |
| പി എസലിം,പുഴങ്ങര ഇല്ലത്ത് | 17/44473/ 21.6.11 | 5000 | ടി |
| താജുദ്ദീൻ,പുഴങ്ങര ഇല്ലത്ത് | 18/44473/ 21.6.11 | 5000 | ടി |
| എ കെ മോഹൻദാസ്,ആലിക്കൽ | 19/44473/ 21.6.11 | 5000 | ടി |
| പി. എ. സലിം, പുഴങ്ങര ഇല്ലത്ത് | 1/44473/ 30.5.11 | 5000 | പൂവത്തുർ ബസ്സ്റ്റാന്റ് കെട്ടിടമുറി |
| ടി എ ജമാൽ,തൈപറമ്പിൽ | 2/44473/ 30.5.11 | 5000 | പൂവത്തുർ ബസ്സ്റ്റാന്റ് കെട്ടിടമുറി |
| വി സി ഷംസുദ്ദീൻ,വലിയകത്ത് | 3/44473/ 30.5.11 | 5000 | പൂവത്തുർ ബസ്സ്റ്റാന്റ് കെട്ടിടമുറി |
| സി വി പോൾസൺ,ചീരൻ | 4/44473/ 30.5.11 | 5000 | പൂവത്തുർ ബസ്സ്റ്റാന്റ് കെട്ടിടമുറി |
| സി വി പോൾസൺ,ചീരൻ | 5/44473/ 30.5.11 | 5000 | പൂവത്തുർ ബസ്സ്റ്റാന്റ് കെട്ടിടമുറി |
| എ ജെ വർഗീസ്,അറക്കൽ | 6/44473/ 30.5.11 | 5000 | പൂവത്തുർ ബസ്സ്റ്റാന്റ് |

| | | | |
|---|---|---|---|
| | | | കെട്ടിടമുറി |

ഇവരിൽ 3പേർക്ക് ഡെപ്പോസിറ്റ് തുക തിരികെ കൊടുത്തിട്ടുണ്ട്. പഞ്ചായത്ത് ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഭാവിയിൽ കെട്ടിടം പണിയുമെന്ന കാരണത്താൽ ഡെപ്പോസിറ്റ് മുൻകൂറായി പിരിച്ചെടുത്തത് നിയമവിധേയമല്ല. ആയതിന് യാതൊരു വിശദീകരണവും പഞ്ചായത്ത് നൽകിയിട്ടില്ല. വാടക ഇനത്തിൽ ഭീമമായ വരുമാനനഷ്ടം പഞ്ചായത്തിന്റെ അലംഭാവം മൂലം ഉണ്ടാകുന്നു. നഷ്ടം ഒഴിവാക്കാൻ സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റ് അപാകതകൾ

വാടകക്കാരുമായി കരാർ വച്ചിട്ടില്ല. ബസ്സ്റ്റാന്റ് കെട്ടിടത്തിലെ റോഡിനോട് ചേർന്നുള്ള മുറി വാടകക്ക് എടുത്ത വ്യക്തി മുറിയോട് ചേർത്ത് കുറേ സ്ഥലം കൂടി കൈയ്യേറി പച്ചക്കറികച്ചവടം നടത്തുന്നതായി ഓഡിറ്റ് ടീം സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞു.ഇതിനെതിരെ പഞ്ചായത്ത് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

## 2-5 ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ - രജിസ്റ്ററിൽ സൂക്ഷിച്ചിട്ടില്ല.

2011ലെ കേരള പഞ്ചായത്ത് രാജ്കെട്ടിട നിർമ്മാണചട്ടങ്ങൾ ചട്ടം 137(3) പ്രകാരം ക്രമവത്ക്കരിച്ച കെട്ടിടങ്ങളുടെ വിവരം സെക്രട്ടറി Appendix j ഫോറത്തിൽ സ്ഥിരമായി സൂക്ഷിക്കേണ്ട രേഖയായി ഒരു രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പറിംഗിനു വേണ്ടി ഗ്രാമ പഞ്ചായത്തിനെ സമീപിക്കുന്ന സമയത്ത് ഫീസ് ഈടാക്കി ക്രമവത്ക്കരണം നടത്തുന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. ആയതു പ്രകാരം 2015-16 ൽ 24 കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. 2011ലെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2014ലെ അനധികൃത കെട്ടിട നിർമ്മാണം ക്രമവത്ക്കരണ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി അനിവാര്യമാണ്. ഇപ്രകാരം ഫീൽഡ് പരിശോധന നടത്തുന്നതിന് യാതൊരു നടപടിയും ഗ്രാമ പഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ചട്ടങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 2-6 വസ്തുനികുതി നിർണ്ണയം- അപാകതകൾ

27.04.2015 ലെ സർക്കാർ ഉത്തരവ് നം.144/15/ത.സ്വ.ഭ.വ പ്രകാരം വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച് നൽകിയ നിർദേശങ്ങളിലെ ക്രമ നം.3 പ്രകാരം വാണിജ്യ, വ്യവസായ വിഭാഗങ്ങളിലുൾപ്പെട്ട നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് 100 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ വാണിജ്യ, വ്യവസായഗണത്തിലുൾപ്പെടുന്നില്ല. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള

'ഓഫീസ് ആവശ്യം' എന്ന ഉപയോഗ ഗണത്തിലുൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി വർദ്ധനവ് വീണ്ടും പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവുണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ച.മീറ്ററിൽ) | പഴയ നികുതി | പുനർ നിർണ്ണയിച്ച നികുതി (സഞ്ചയ പ്രകാരം) | പരിമിതപ്പെടുത്തിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | 2/370 | ജോർജ്ജ് മാനേജിങ്ങ് ഡയറക്ടർ യുവദർശൻ കുറീസ് | 97 | 284 | 3201 | 710 | 2491 |
| 2 | 2/478 | കുഞ്ഞിപ്പ പോൾ പുലിക്കോട്ടിൽ | 20 | 114 | 480 | 285 | 195 |
| 3 | 5/558 | പീയൂസ് പുലിക്കോട്ടിൽ | 14 | | 462 | 95 | 367 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 9(5) പ്രകാരം ബഹുനില കെട്ടിടങ്ങൾക്ക് നൽകാവുന്ന ഇളവായി സഞ്ചയ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയാണ് മേൽ പട്ടികയിൽ കാണിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് ഇളവ് നൽകിയിരിക്കുന്നത്. എന്നാൽ മേൽ കെട്ടിടങ്ങളെല്ലാം തന്നെ ഒറ്റനില മാത്രമുള്ളതാണ്. ഉപയോഗക്രമം, ബഹുനില കെട്ടിടങ്ങൾ എന്നിവയ്ക്ക് നൽകാവുന്ന ഇളവുകൾക്ക് മേൽ സൂചിപ്പിച്ച കെട്ടിടങ്ങൾക്ക് അർഹതയില്ല. വസ്തുനികുതി ചട്ടം, സർക്കാർ ഉത്തരവ് എന്നിവയ്ക്ക് വിരുദ്ധമായി അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി പുനർനിർണ്ണയിച്ചതിലൂടെ 2013-14 മുതൽക്കുള്ള വസ്തു നികുതിയിൽ ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നുണ്ട്. ഇത്തരത്തിൽ അനർഹമായ ഇളവുകൾ നൽകി വസ്തുനികുതി നിർണ്ണയിച്ച ഓരോ വാർഡിലേയും കെട്ടിടങ്ങളുടെ വിവരങ്ങൾ കണ്ടെത്തി അപാകതകൾ പരിഹരിക്കേണ്ടതാണ്.

2. പുതിയ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയം - കുറവ് നിർണ്ണയിച്ചു.

താഴെ പറയുന്ന കെട്ടിടത്തിന്റെ വസ്തു നികുതി കുറവായി നിർണ്ണയിച്ചിരിക്കുന്നു.

| ക്രമ നം | വാർഡ് / കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | ന്യൂ ബിൽഡിങ്ങ് രജിസ്റ്റർ പ്രകാരം തറ | രജിസ്റ്റർ പ്രകാരം നിർണ്ണയിച്ചനികുതി | സഞ്ചയ രജിസ്റ്റർ പ്രകാരം നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | വിസ്തീർണ്ണം (ച.മീറ്ററിൽ) | | | |
| 1 | 9/134 | വിജയലക്ഷ്മി നേശ്യാർ ളുവാരെ ഹൗസ് | 235.95 | 1363 | 279 | 1084 |

മേൽ കെട്ടിടത്തിന് 235.95 $M^2$ തറവിസ്തീർണ്ണത്തിന്ന പകരം 106$M^2$ രേഖപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്. അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 2-7 പരസ്യനികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 209 ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൽ നിന്നും പരസ്യ നികുതി ഈടാക്കാവുന്നതാണ്. റോഡരികിൽ സ്ഥാപിച്ചിരിക്കുന്ന പരസ്യ ബോർഡുകളിൽ നിന്നും നിലവിൽ നികുതിയൊന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കുന്നില്ല. പരസ്യ നികുതി ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങേണ്ടതും, പരസ്യ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-8സേവന ഉപനികുതി പഞ്ചായത്തിൽ ഈടാക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26 അനുസരിച്ച് ശുചിത്വ പരിപാലനം, ജല വിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും എന്നിവയ്ക്ക് അപ്രകാരം ഗ്രാമ പഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിനു വിധേയമായി പഞ്ചായത്തു നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താമെന്നിരിക്കെ, ഗ്രാമപഞ്ചായത്തിൽ മേൽ പറഞ്ഞ പ്രകാരമുള്ള ചെലവുകളെല്ലാം ഓഡിറ്റ് കാലയളവിൽ നടന്നിട്ടുണ്ടെങ്കിലും അതിനെല്ലാം ചെലവു വന്നിരിക്കുന്നത് പഞ്ചായത്തു ഫണ്ടിൽ നിന്ന് നേരിട്ടാണ്. ആയതിനാൽ പഞ്ചായത്തിനു അധിക ബാദ്ധ്യത വരുത്താത്ത രീതിയിൽ സേവന ഉപനികുതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-9അനധികൃത കെട്ടിടനിർമ്മാണം- ക്രമവത്ക്കരണം നടത്തിയത്

പൂവത്തുരിൽ (ബ്രഹ്മകുളം വില്ലേജ് സർവ്വേ നം. 232/7- ൽ ഉൾപ്പെട്ട വസ്തുവിൽ ശ്രീ. പി.എ. തോമസ്, എന്നവരുടെ ഉടമസ്ഥതയിൽ നിർമ്മിച്ച 378.35 ച.മീ വിസ്തൃതിയിലുള്ള കെട്ടിടം അനധികൃതമായി നിർമ്മാണം നടത്തി ആയത് ക്രമവത്ക്കരിച്ച് കെട്ടിട നമ്പർ നൽകാതെ തന്നെ വാണിജ്യാവശ്യത്തിനായി ഉപയോഗപ്പെടുത്തുകയും ചെയ്തു. പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പരാതികൾ ഉണ്ടായിട്ടും പഞ്ചായത്ത് തുടർ നടപടികളെടുക്കാതിരുന്നതിനാൽ

സ്വകാര്യവ്യക്തി ബഹു. ഹൈക്കോടതിയിൽ കേസ് നല്കുകയും,കെട്ടിടയുടമയോട് പ്രസ്തുത കെട്ടിടം ക്രമവത്കരിക്കുന്നതിനായി കോടതി വിധിക്കുകയുമുണ്ടായി. എന്നാൽ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ നിർമ്മാണം ക്രമീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രസ്തുത കെട്ടിടം പൊളിച്ചുകളയുന്നതിന് അവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് കത്ത് നല്കി.(കൂടുതൻ വിവരങ്ങൾക്ക് 2014-15ഓ.റി കാണുക). എന്നാൽ നിലവിലും അനധികൃത നിർമ്മാണമായി തുടരുന്ന മേൽ കെട്ടിടത്തിന് 10/256 B നം നല്കുകയും ഡി & ഒ ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഡി & ഒ ലൈസൻസ് അപേക്ഷ രജിസ്റ്റർ പ്രകാരം ഈ വ്യക്തിയുടെ തന്നെ 10/256 A എന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സിമന്റ് നിർമ്മിത ഉല്പന്നങ്ങളുടെ വില്പനക്കായി ഡി & ഒ ലൈസൻസ് അനുവദിച്ചതായി കാണുന്നു. രണ്ടു കെട്ടിടങ്ങളും യഥാർത്ഥത്തിൽ ഒരേ ആവശ്യത്തിനായി ഉപയോഗിക്കുന്നവയാണ്. ചട്ടം 20(4) പ്രകാരം ഇത്തരത്തിലുള്ള കെട്ടിടങ്ങൾ കച്ചവടത്തിനായോ, വ്യാപാരത്തിനായോ വ്യവസായ ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമ പഞ്ചായത്ത് അനുമതിയോ ലൈസൻസോ നല്കാൻ പാടുള്ളതല്ല.

നിയമാനുസൃതം കെട്ടിട നമ്പർ നൽകാൻ കഴിയാത്ത മേൽ കെട്ടിടത്തിന് നമ്പർ നല്കിയതിനും ഡി & ഒ ലൈസൻസ് അനുവദിച്ചതിനും വിശദീകരണം നല്കേണ്ടതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണം 19/14.11.16-ന് കെട്ടിട ഉടമസ്ഥൻ ബഹു. ഹൈക്കോടതിയിൽ 29940/16 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളതിനാൽ മറ്റു നടപടിക്രമങ്ങളൊന്നും കൈകൊള്ളാൻ സാധിച്ചിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

## 2-10)ഡി&ഒ ലൈസൻസ് - ചട്ടപ്രകാരമുള്ള രേഖകൾ ഇല്ലാതെ ലൈസൻസ് അനുവദിച്ചു.

ഡി&ഒ ലൈസൻസ് ചട്ടപ്രകാരമുള്ള രേഖകൾ ഇല്ലാതെ പല വ്യവസായങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1. 5HP യിൽ കൂടുതൽ കുതിര ശക്തി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾക്ക് മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർട്ടിഫിക്കറ്റ് വേണമെന്ന ചട്ടം പാലിച്ചിട്ടില്ല.
2. സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ കാറ്ററിംഗ് സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.
3. ഫാർമസിസ്റ്റ് റജിസ്ട്രേഷൻ ഇല്ലാതെ മെഡിക്കൽ ഷോപ്പുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്.
4. പല അപേക്ഷകൾക്കൊപ്പവും സത്യവാങ്മൂലം സമർപ്പിച്ചിട്ടില്ല. കൂടാതെ പല അപേക്ഷകളും അപൂർണ്ണവുമാണ്.
5. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ റജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ ന്യൂനതകൾ പരിഹരിക്കാനും ഇത്തരം വീഴ്ചകൾ ആവർത്തിക്കപ്പെടാതിരിക്കാനും ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 2-11)ഡി&ഒ ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ പിഴവുകൾ

2015-16 വർഷത്തെ ഡി&ഒ ലൈസൻസ് ഫീസ് നിശ്ചയിച്ചതിൽ താഴെ പറയുന്ന പിഴവുകൾ കണ്ടെത്തി.

1. താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ചട്ടപ്രകാരം ഈടാക്കേണ്ടതിനേക്കാൾ കുറഞ്ഞ നിരക്കാണ് ഡി&ഒ ലൈസൻസ് ഫീസായി ഈടാക്കിയത്.

| സ്ഥാപനത്തിന്റെ/ ഉടമയുടെ പേര് | ഡി&ഒ റജിസ്റ്റർ ക്രമ നം. | വിറ്റുവരവ് / യന്ത്രത്തിന്റെ കുതിര ശക്തി | ചട്ടപ്രകാരം ഈടാക്കേണ്ട തുക | ഈടാക്കിയ തുക |
|---|---|---|---|---|
| സുഷ.പി.എ. മാവേലി സ്റ്റോർ പൂവ്വത്തുർ | 23 | Rs.30000/- | Rs.1000/- | Rs.300/- |
| ജോഫി.വി.ജെ. എളവള്ളി | 42 | 25HP | Rs.300/- | Rs.150 |
| | | ആകെ | Rs.1300/- | Rs.450/- |

കുറവ് വന്ന തുക അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2. ജ്വല്ലറികൾക്ക് വളരെ കുറഞ്ഞ ഫീസാണ് ഈടാക്കിയത്.ശരാശരി 5000മുതൽ 10000 രൂപ വരെയാണ് വിറ്റുവരവായി കണക്കാക്കിയിട്ടുള്ളത്. യഥാർത്ഥ വിറ്റുവരവ് കണക്കാക്കി ഫീസ് പുന:നിർണ്ണയിക്കേണ്ടതാണ്.

## 2-12)ഡി&ഒ ലൈസൻസ് അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.

2015-16 വർഷത്തെ ക്രമ നം. 201 മുതൽ 300 കൂടിയുള്ള ഡി&ഒ ലൈസൻസ് അനുവദിക്കുന്നതിനുള്ള 100 അപേക്ഷകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല.ക്രമ നം.1 മുതൽ 490 കൂടി ആകെ 490 അപേക്ഷകളാണ് ഉള്ളത്. പരിശോധനക്ക് ലഭ്യമാക്കിയ 390 അപേക്ഷകൾ പരിശോധിച്ചപ്പോൾ ധാരാളം ന്യൂനതകൾ കണ്ടെത്തി.ആയതിനാൽ ലഭ്യമാക്കാത്ത അപേക്ഷകൾ പരിശോധിക്കേണ്ടത് അനിവാര്യമാണ്. അപേക്ഷകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അപേക്ഷകൾ കണ്ടെത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-13ടെണ്ടർ ഫോം വിൽപന-തുക പഞ്ചായത്തിന് ലഭ്യമായില്ല.

2015-16 വർഷത്തിൽ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ പഞ്ചായത്തിന് ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം./പേര് | അടങ്കൽ | ടെണ്ടർ ഫോം വില | തുക |
|---|---|---|---|---|
| 1. | 88/15- പൂവ്വത്തൂര് ബസ് സ്റ്റാൻഡ് നിർമ്മാണം | 2498980 | 7875 | 2x7875=15750 |
| 2. | 188/16- പൂവ്വത്തൂര് മത്സ്യ മാർക്കറ്റ് | 774000 | 1680 | 2x1680=3360 |
| 3. | 185/16- പഞ്ചായത്ത് ഓഫീസ് നിർമ്മാണം | 1499500 | 5250 | 5250x3=15750 |
| 4. | 55/16- കർഷക റോഡ് ടാറിംഗ് | 850000 | 1785 | 3x1785=5355 |
| 5. | 187/16- അംഗൻവാടി നം.67 നിർമ്മാണം | 650000 | 1365 | 1365 |
| 6. | 48/16- അംഗൻവാടി നം. 55 നിർമ്മാണം | 650000 | 1365 | 1365 |
| 7. | 47/16- അംഗൻവാടി നം.74 നിർമ്മാണം | 650000 | 1365 | 1365 |
| ആകെ | | | | 44310/- |

പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക തൃശ്ശൂർ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ എം എസ് ഭവനനിർമ്മാണപദ്ധതി-15.75ലക്ഷം രൂപ അക്കൗണ്ടിൽ വരവ് വച്ചിട്ടില്ല.

നിർവഹണോദ്യോഗസ്ഥൻ - സെക്രട്ടറി

രണ്ട് പദ്ധതികളിലായി തൻവർഷം ചിറ്റാട്ടുകര സർവീസ് സഹകരണബാങ്കിലേക്ക് വായ്പാതിരിച്ചടവ് നടത്തിയിട്ടുണ്ട്.

| പ്രോജക്ട് | ബിൽ നം/തീയതി/തുക | ഡിഡി നം |
|---|---|---|
| 84/16 | 05/15-16 /16.7.15-525000/- | 168877/24.7.15 |
| 212/16 | 48/15-16/31.3.16-525000/- | 385709/18.4.16 |
| 08/15 | 18/26.9.14 -525000/- | --- |

ആകെ 1575000/- രൂപ വായ്പാതിരിച്ചടവിലേക്ക് അക്കൗണ്ട് നം.6014 ൽ (വി.ഇ.ഒ, പ്രസിഡന്റ് എന്നിവരുടെ പേരിൽ) വരവ് വച്ചിട്ടില്ല.

ഈ പദ്ധതി നടത്തിപ്പിലെ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട മറ്റ് അപാകതകൾ

ഇ എം എസ് ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് B2-2236/13,A2-2648/12 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കി. ഫയൽ പരിശോധനയിൽ ഈ പദ്ധതി നടത്തിപ്പിൽ അപാകതകൾ കണ്ടെത്തി.

സർക്കാർ ഉത്തരവ് (സാധാ)2702/2010 തസ്വഭവ തീയതി. 12/08/2010 പ്രകാരം ചിറ്റാട്ടുകര സർവീസ് സഹകരണബാങ്കിൽ നിന്ന് 5250000/- വായ്പ എടുക്കുവാൻ അനുമതി ലഭിച്ചു. 28പേർക്ക് സ്ഥലം വാങ്ങുന്നതിനും,ഭവനനിർമ്മാണത്തിനുംആയി 112500/- രൂപ വീതവും (37500+75000)28 പേർക്ക് ഭവനനിർമ്മാണത്തിന് 75000/- രൂപ വീതവും ആകെ 5250000/- രൂപ അടങ്കൽ ഉള്ളതായിരുന്നു പദ്ധതി.

2010-11 -300000(വികസനഫണ്ട്)ചെലവഴിക്കാനും 2011-12 മുതൽ 2019—20 വരെ യുള്ള വർഷം 550000/- വീതം തിരികെ നൽകുവാനും പദ്ധതി വിഭാവനം ചെയ്തു. ബിൽ നം. 01/10-11 /10.3.11 പ്രകാരം വി. ഇ. ഒ. (വാക സർക്കിൾ) തുക പിൻവലിച്ചിട്ടുണ്ട്. 15/07/2010 ന് 4950000/- രൂപ 2010-11 ൽ വായ്പ നൽകാമെന്ന് ബാങ്ക് അറിയിച്ചു. 05/04/2011 ന് ബാങ്കുമായി കരാർ വച്ചു. കരാർ പ്രകാരം ജില്ലാ സഹകരണബാങ്ക്,പാവറട്ടി ശാഖയിൽ നിന്ന് 27/01/2010ന് സമ്പൂർണ്ണഭവനപദ്ധതിക്കായി വായ്പ എടുത്തതിൽ 1000000/- രൂപ ഒഴികെയുള്ള തുക ബാങ്കിന് തിരിച്ച് നൽകിയതായും ഈ ബാധ്യതയും 4950000/- വായ്പയും ഉൾപ്പെടെ 5950000/- രൂപ 10വർഷംകൊണ്ട് ചിറ്റാട്ടുകര സർവീസ് സഹകരണബാങ്കിന് പഞ്ചായത്ത് തിരികെ അടവാക്കുന്നതാണ് എന്ന് ചേർത്തിട്ടുണ്ട്. കരാറിൽ പലിശ നിരക്ക് കാണിച്ചിട്ടില്ല.

എന്നാൽ ഫയൽ പ്രകാരം 6400000/- രൂപയും, 2014-15 ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം 6300000/- രൂപയുമാണ് വായ്പ. ആയതിൽ 2015-16 വരെ തിരിച്ചടവാക്കിയ തുകകൾ കഴിച്ച് 1800000/- രൂപ മാത്രമാണ് വാർഷിക അക്കൗണ്ട് പ്രകാരം ഇനി അടവാക്കാൻ ബാക്കി ഉള്ളത്. വി ഇ ഒ ഹാജരാക്കിയ ധനസഹായ വിതരണ രജിസ്റ്റർ അനുസരിച്ച് ചെലവ് താഴെച്ചേർക്കുന്നു.

| അടങ്കൽ | ചെലവ് | ഇനി ആവശ്യമുള്ളത് |
|---|---|---|
| 38x100000=3800000 | 35x100000=3500000<br>1x90000 =90000<br>1x20000 = 20000<br>---------------<br>ആകെ -- 3610000 | 1x10000 = 10000<br>1x80000 = 80000<br>---------------<br>ആകെ -- 90000 |
| 24x75000=1800000 | 19x75000 = 1425000<br>3x67500 = 202500<br>1x22500 = 22500<br>---------------<br>ആകെ -- 1650000 | 3x7500 = 22500<br>1x52500 = 52500<br>---------------<br>ആകെ -- 75000 |
| 3x112500=337500 | 337500 | 0 |
| ആകെ=5937500 | 5597500 | 165000 |

ആകെ പ്രവൃത്തി പൂർത്തിയാക്കാൻ 5762500(5597500+165000)മാത്രമാണ് ആവശ്യം. ഇതിൽ 165000/- രൂപ ഗുണഭോക്താക്കൾ പണി പൂർത്തിയാക്കാൻ തയ്യാറാണെങ്കിൽ മാത്രമാണ് ആവശ്യം വരുന്നത്. 5762500/- രൂപയിൽ വികസനഫണ്ട് 300000/- രൂപ കഴിച്ച് 5462500/- രൂപയാണ് എല്ലാ ഗുണഭോക്താക്കളും പ്രവൃത്തി പൂർത്തിയാക്കുന്ന പക്ഷം വായ്പ ആവശ്യമുള്ളത്. 6400000/- രൂപ വായ്പ ഉള്ളതായി കാണിച്ച സാഹചര്യം വ്യക്തമല്ല.

സൈനബ അമ്പലത്തുവീട്ടിൽ എന്ന ഗുണഭോക്താവ് ലഭിച്ച 67500/- രൂപ തിരിച്ചടക്കാൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ തിരിച്ചടവ് വിവരം ഫയലിൽ ലഭ്യമല്ല. താഴെ പ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ഷീജ ഗിരീഷ് | 90000 |
| അബു നാലകത്ത് പൂവത്തൂർ | 20000 |
| ബാലൻ,തങ്ങാലിശ്ശേരി | 67500 |
| സൈനബ,അമ്പലത്തുവീട്ടിൽ | 67500 |
| പാത്തുമ്മു,രായംമരക്കാർ | 67500 |
| മോഹിനി നരിയംപുള്ളി | 22500 |

ഇ എം എസ് സമ്പൂർണ്ണഭവനപദ്ധതി

S069/10 പദ്ധതിക്കായി 89x50000 = 4450000 അടങ്കൽ വിഭാവനം ചെയ്തു.

സമ്പൂർണ്ണഭവനപദ്ധതിക്കായി തൃശ്ശൂർ ജില്ലാ സഹകരണബാങ്കിന്റെ പാവറട്ടി ശാഖയിൽ നിന്ന് 89x 50000 = 4450000 രൂപ വായ്പ എടുക്കാൻ ഭരണസമിതിയുടെ 14/12/09 ലെ 129(3)/09 നം.തീരുമാനം എടുത്തു. 2010- 11 ൽ S0 52/11 പദ്ധതിക്കായി 4450000 അടങ്കൽ തീരുമാനിച്ചു.

വികസനഫണ്ട്- 2268061

വായ്പ - 1981939

ജില്ലാപഞ്ചായത്ത് വിഹിതം -200000

2010- 11 ൽ വികസനഫണ്ട് 1000000ജില്ലാപഞ്ചായത്ത് വിഹിതം 200000 ഉൾപ്പെടെ 12 ലക്ഷം രൂപ പാവറട്ടി ബാങ്കിന് നൽകി.

27/01/2010 ലെ കരാർ പ്രകാരം തിരിച്ചടവ്

| ഗഡു | തീയതി | തുക |
|---|---|---|
| 1 | 2010 February | 2468061 |
| 2 | 2010 APRIL | 1000000 |
| 3 | 2010 August | 981939 |

10/08/2010 ന് ബാങ്ക് 3468061/- രൂപ അടവാക്കാനുള്ളതിൽ 3268061/-രൂപ തിരിച്ചടച്ചതായും ബാക്കി 2 ലക്ഷം രൂപയും പലിശയും ഉടനെ തിരിച്ചടക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ സഹകരണബാങ്കിന്റെ പാവറട്ടി ശാഖയുടെ അക്കൗണ്ട് നം. 10700302637ൽ 17.4.2010 ന് 2268061/- രൂപ അടവാക്കിയതായും 16.7.10 ന് 1000500/- രൂപ

ബാക്കിയുള്ളതായും കാണിച്ചിട്ടുണ്ട്.

വിതരണവിവരം

| തീയതി | തുക |
|---|---|
| 2010 February | 1780000(89x20000) |
| 2010 February | 1335000(89x15000) |
| 2010 March | 890000(89x10000) |
| 2010 March | 445000(89x5000) |
| ആകെ | 4450000 |

വി ഇ ഒ ഹാജരാക്കിയ രേഖകൾ പ്രകാരം ചെലവ് വിവരം

86x50000 = 4300000

3x45000 = 135000

ആകെ 4435000 രൂപ ചെലവ് ഉണ്ട്. 3 ഗുണഭോക്താക്കൾ ഇപ്പോഴും പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക |
|---|---|
| ജോഷി ,കുണ്ടുകുളങ്ങര | 45000 |
| തങ്ക വേലു എളവള്ളി | 45000 |
| പ്രേമൻ നമ്പിയത്ത് | 45000 |

എത്ര രൂപ ലോൺ എടുത്തു,എത്ര രൂപ തിരിച്ചടച്ചു എന്നീ വിവരങ്ങൾ ലഭ്യമല്ല. ജില്ലാ സഹകരണബാങ്കിന്റെ പാവറട്ടി ശാഖയുമായി കരാർ വച്ച് നടപ്പാക്കിയ പദ്ധതിയുടെ ബാധ്യത ചിറ്റാട്ടുകര സർവീസ് കോപ്പറേറ്റീവ് ബാങ്കുമായി ബന്ധിപ്പിച്ചതിന് കാരണം വ്യക്തമല്ല. ചിറ്റാട്ടുകര സർവീസ് കോപ്പറേറ്റീവ് ബാങ്കിൽ നിന്ന് എത്ര വായ്പ എടുത്തു,തിരിച്ചടവ് എത്ര എന്നീ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.15.75 ലക്ഷം രൂപ തിരിച്ചടവ് വരവ് വയ്ക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതുമാണ്. വായ്പ എടുത്ത് നടപ്പാക്കിയ രണ്ട് പദ്ധതികളിലും സമഗ്രമായ അന്വേഷണം നടത്തി യഥാർത്ഥത്തിൽ വായ്പ എടുത്ത തുക,ചെലവഴിച്ച തുക, തിരിച്ചടച്ച തുക എന്നിവ കണക്കാക്കേണ്ടതാണ്. ഈയിനത്തിൽ കൂടുതൽ തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയത് തിരിച്ച് ഈടാക്കേണ്ടതുമാണ്.

## 3-2)രേഖകൾ ലഭ്യമാക്കിയില്ല-ചെലവു തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണം - സെക്രട്ടറി

താഴെ പറയുന്ന ചെലവുകളുമായി ബന്ധപ്പെട്ട വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല. ചെലവുതുക തടസ്സപ്പെടുത്തുന്നു.

1.പ്രോജക്ട് നം.137/16-മീഡിയാശ്രീക്ക് തുക കൈമാറൽ-65000/-(Try.Bill No.3/15-7-15)

2. പ്രോജക്ട് നം. 89/16-മാർക്കറ്റ് റോഡ് സ്ട്രീറ്റ് മെയിൻ-67650/-(Try.Bill.No.38/10-3-16) ഇലക്ട്രിക്കൽ സെക്ഷൻ പാവറട്ടിയിൽ അടവാക്കി.

3.പ്രോജക്ട് നം.119/16-കപ്പാറ 11KV ലൈൻ പൊളിച്ചു നീക്കൽ-58000/-(D.D.No.384510dt.30 /3/16-10000/-, D.D.No. 384511dt.30/3/16-48000/-)

പറപ്പൂർ ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കി. ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മറ്റി തീരുമാനം, വിശദമായ എസ്റ്റിമേറ്റ്, സാങ്കേതിക അനുമതി എന്നിവയൊന്നും ലഭ്യമാക്കിയില്ല.

4.124/16-M K S P-ക്ക് തുക കൈമാറൽ-220000/- രൂപ എക്സി.ഓഫീസർ. M K S P ക്ക് കൈമാറിയിട്ടുണ്ട്. കൈപ്പറ്റ് രേഖ ലഭ്യമാക്കിയില്ല.

5. I A Y പഞ്ചായത്ത് വിഹിതം നല്കൽ എന്ന പദ്ധതിയിൻകീഴിൽ പ്രോ.നം. 83/16 ആയി 780000/-രൂപയും (DD.No.617698/23-12-15 Rs.390000/-,DD.No. 619288/15-2-16 Rs.390000/-), പ്രോ.നം. 210/16 ആയി 357500/- രൂപയും(DD.No.385756/15-4-16 Rs.357500/-) BDO ക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ്, തുക വിതരണം നടത്തിയതിന്റെ വിവരങ്ങൾ എന്നിവ ലഭ്യമാക്കിയില്ല. ആകെ 1548150/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3)പ്രോജക്ട് നം.87/16-വികസന സ്മരണിക പുറത്തിറക്കൽ-മാർഗ്ഗരേഖക്ക് വിരുദ്ധം -ചെലവ് തുക നിരാകരിക്കുന്നു.

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്തിന്റെ 2010-15 കാലഘട്ടത്തിലെ നേട്ടങ്ങൾ വിവരിക്കുന്ന വികസന സ്മരണിക 5000 കോപ്പികൾ പ്രിൻറ് ചെയ്യുന്നതിനായി ആകെ 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 12ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഇപ്രകാരം ചെലവുചെയ്യുന്നതിന് അനുവാദമില്ല. മാത്രമല്ല, ബുക്കുകൾ സ്റ്റോക്കിലെടുത്ത് വിതരണം നടത്തിയിട്ടില്ല. ആയതിനാൽ ചെലവുതുക ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-4)പ്രോജക്ട് നം. 108/16-സ്ട്രീറ്റ് ലൈറ്റ് സ്പെയർപാർട്സ് വാങ്ങൽ-വാറന്റി കാലയളവിൽ ഉപകരണങ്ങൾ പ്രവർത്തനരഹിതമായി-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സെക്രട്ടറി

D.D.No.170301/19-8-15 100000/-

മേൽ പദ്ധതിയിൻകീഴിൽ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും താഴെ പറയുന്ന സാധനങ്ങൾ വാങ്ങിയിരുന്നു.

1. Tube light 40w – 500Nos.

2. Electronic Choke-428Nos.

3. Side holder -208Nos.

4. Aluminium wire-4Nos.

മേൽ സ്ഥാപനത്തിന്റെ ഇൻവോയ്സ് പ്രകാരം ഉപകരണങ്ങൾക്ക് ഒരു വർഷം വാറന്റി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുടെ 4/2/16,9/6/16 എന്നീ തീയ്യതികളിലെ കത്തുകൾ പ്രകാരം 320 ട്യൂബുകളും 256 ചോക്കുകളും വാറന്റി കാലയളവിൽ തന്നെ പ്രവർത്തനരഹിതമായിട്ടുണ്ട്. ഇവയൊന്നും തന്നെ നാളിതുവരെ മാറ്റി നൽകിയതായും കാണുന്നില്ല. മാത്രമല്ല, മേൽ സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതായും കാണുന്നില്ല. ആയതിനാൽ കേടുവന്ന സാധനങ്ങൾ മാറ്റി വാങ്ങുന്നതിനോ, ആയതിന് ചെലവുവന്ന തുക തിരികെ ലഭിക്കുന്നതിനോ ഉള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്. കേടുവന്ന സാധനങ്ങൾ മാറ്റി ലഭിക്കുന്നതുവരെ ചെലവ് തുക തടസ്സിൽ വെയ്ക്കുന്നു.

## 3-5) പ്രോജക്ട് നം. 88/16-ഇലക്ട്രോണിക് സിംഗിൾ ട്യൂബുകൾ വാങ്ങൽ-സ്ഥാപിച്ചതിന്റെ രേഖയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

നിർവ്വഹണം - സെക്രട്ടറി

മേൽ പദ്ധതിക്കായി 2015-16 ൽ 799000/-രൂപ ചെലവഴിച്ച് 470 എണ്ണം സിംഗിൾ ട്യൂബുസെറ്റുകൾ കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങിയിരുന്നു. (Try.Bill No. 10/19-9-15Rs. 77498/-,Try Bill.No.11/19-9-15 Rs.721502/-) എന്നാൽ ഇവ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ( പോസ്റ്റ് നം.,എണ്ണം എന്നിവ ഉള്ളത്) പരിശോധനക്ക് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## 3-6. തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജ് മുൻകൂറായി അടവാക്കി-അഡ്ജസ്റ്റ്മെന്റ് വിവരങ്ങൾ ലഭ്യമാക്കിയില്ല.

പാവറട്ടി ഇല.സെക്ഷന്റെ കീഴിൽ തെരുവ് വിളക്കുകൾക്കായി 23 മീറ്ററുകൾ സ്ഥപിച്ചതായും, ആയതിന്റെ 5/15 ലെ തുക അടിസ്ഥാനമാക്കി 12 മാസത്തിനു തുല്യമായ തുക -300000/-രൂപ

-പ്രോ.നം. 111/16 ആയി മുൻകൂറായി അടവാക്കുകയും ചെയ്തു.(DD.No.620323/11-3-16). എന്നാൽ തുടർന്നുള്ള മാസങ്ങളിൽ ഇവയുടെ യഥാർഥ റീഡിംഗ് എത്രയായിരുന്നെന്നോ, അഡ്വാൻസിൽ നിന്നും അഡ്ജസ്റ്റ്മെന്റ് നടത്തിയതിന്റെ വിവരങ്ങളോ ലഭ്യമാക്കിയില്ല. കൂടാതെ തെരുവ് വിളക്കുകൾക്ക് മീറ്ററുകൾ സ്ഥാപിക്കുന്നതിലേക്കായി മുൻ വർഷങ്ങളിൽ എത്ര രൂപ നല്കിയെന്നോ, നാളിതുവരെ എത്ര മീറ്ററുകൾ സ്ഥാപിച്ചുവെന്നോ ഉള്ള വിവരങ്ങൾ ലഭ്യമാക്കിയില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-7) പ്രോജക്ട് നം.112/16-തെരുവ് വിളക്ക് അറ്റകുറ്റപ്പണി-ഇൻകം ടാക്സ് ഈടാക്കിയില്ല.

മേൽ പദ്ധതിയിൻകീഴിൽ 2015-16 വർഷത്തിൽ കരാറുകാരനായ ശ്രീ. ടി.പി.അബ്ദുൾകബീർ എന്നയാൾക്ക് 183510/- രൂപ നൽകിയിട്ടുണ്ട് (D.D.No.616667 dt.12/11/15-72900 /-,D.D.No.385631 dt.13/4/16-110610/-). എന്നാൽ ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. ഇൻകം ടാക്സ് ആക്റ്റ് സെക്ഷൻ 194C പ്രകാരമുള്ള ടാക്സ് ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

## 3-8)വിദ്യഭ്യാസ സ്കോളർഷിപ്പ് വിതരണം- അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ്സ്,ഗവ.എൽ.പി സ്കൂൾ, കാക്കശ്ശേരി

പ്രോജക്ടിന്റെ നം.-SO 121/16

ചെലവ് -25000/-(ട്രഷറിബിൽനം. 03/15-16 തീയ്യതി 25.02.16)

എളവള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ 4,7 ക്ലാസ്സുകളിൽ ഏറ്റവും ഉയർന്ന മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കും പത്താം ക്ലാസ്സിൽ മുഴുവൻ A+ ലഭിച്ചവർക്കും മേൽ ബിൽ പ്രകാരം പിൻവലിച്ച സംഖ്യ സ്കോളർഷിപ്പ് ആയി നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) 362/13 തീയ്യതി.16.11.13 പ്രകാരം ഈ പ്രോജക്ട് അനുവദനീയമല്ല. അനുബന്ധം 16, ഖണ്ഡിക 2.2 പ്രകാരം സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനം സബ്സിഡിയായി അനുവദിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. കൂടാതെ ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശസ്വയംഭരണ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും , മാർഗ്ഗരേഖയിൽ നിന്നു വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കുന്നതുമാണ് എന്നും നിഷ്കർഷിക്കുന്നു. സബ്സിഡി മാർഗ്ഗരേഖയ്ക്കു വിരുദ്ധമായി നടത്തിയ മേൽ പ്രൊജക്ടിനായി ചെലവഴിച്ച തുക 25,000/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-9)പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം -രേഖകൾ ലഭ്യമായില്ല. -ചെലവ് തുക തടസ്സപെടുത്തുന്നു.

പ്രോജക്ടിന്റെ പേര് - പഞ്ചായത്ത് നിവാസികളായ പത്താം ക്ലാസ്സ് - എസ്.സി

വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ

പ്രോജക്ട് നം.SO -127/16

ചെലവ് --145000/-(ട്രഷറിബിൽ നം-4/2015-16 തീയ്യതി 26.03.2016)

നിർവ്വഹണോദ്യോഗസ്ഥൻ - ഹെഡ്മിസ്ട്രസ്സ്,ഗവ,എൽ.പിസ്കൂൾ,കാക്കശ്ശേരി

പത്താംക്ലാസ്സ് വിദ്യാർത്ഥികളായ പട്ടികജാതിവിഭാഗത്തിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങൽ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കിയ ഈ പദ്ധതിയുമായി ബന്ധപ്പെട്ട താഴേ പറയുന്ന രേഖകൾ പരിശോധനക്കായി ഹാജരാക്കിയിട്ടില്ല

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും മേൽവിലാസവും | ഹാജരാക്കേണ്ട രേഖകൾ |
|---|---|---|
| 1 | രേഷ്മ.പി.എസ്, D/o രാധാ സുനിൽ , തേക്കേപ്പാട്ട് വീട്, എളവള്ളി | 1)ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരിയാണെന്ന് തെളിയിക്കാൻ റേഷൻകാർഡിന്റെ പകർപ്പ് 2)ജാതി തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം |
| 2 | ഹരിഗോവിന്ദ് , S/o ഉദയഭാനു വി. എം. വെലുങ്കൽ വീട്, എളവള്ളി | 1)ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കാൻ റേഷൻകാർഡിന്റെ പകർപ്പ് |
| 3 | രഹിൽ രവി., S/o രവി , എളമിനി, കാക്കശ്ശേരി | 1)ഈ പഞ്ചായത്തിലെ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കാൻ റേഷൻകാർഡിന്റെ പകർപ്പ് 2)ജാതി തെളിയിക്കുന്നതിനുള്ള റവന്യൂ അധികാരിയുടെ സാക്ഷ്യപത്രം |

മേൽ രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 145000/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-10) സ്വാന്തന പരിചരണം പദ്ധതി- മരുന്ന്, ഉപകരണങ്ങൾ ലഭ്യമായില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, സി.എച്ച്. സി. എളവള്ളി

പ്രോജക്ടിന്റെ നം.-SO 56/16

ചെലവ് -319313/-

ട്രഷറിബിൽനം. 13/15-16 തീയ്യതി 23.03.16പ്രകാരം പിൻവലിച്ച 66318/- രൂപയിൽ 37740/- രൂപ കാരുണ്യ ഫാർമസിയിൽ നിന്ന് ഉപകരണങ്ങൾ വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിൽ 36968/- രൂപയുള്ള ഉപകരണങ്ങൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. കൂടാതെ ട്രഷറിബിൽനം. 12/15-16 തീയ്യതി 22.02.16പ്രകാരം പിൻവലിച്ച 88656/- രൂപയിൽ 12260/- രൂപ ഉപകരണങ്ങൾ വാങ്ങുന്നതിനും 50000/-മരുന്ന് വാങ്ങുന്നതിനുമാണ് ചെലവഴിച്ചിട്ടുള്ളത്. ആയതിൽ യഥാക്രമം 4610/- 15044/- രൂപയുള്ള മരുന്നും,ഉപകരണങ്ങളും മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ.

## 3-11) ജലനിധി പദ്ധതി-തനതു ഫണ്ടിൽ നിന്നും 33ലക്ഷം രൂപ നല്കി

എളവള്ളി പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലനിധി പദ്ധതി വളരെ സ്തുത്യർഹമായ വിധത്തിൽ ആവിഷ്കരിച്ച നടപ്പാക്കി വരുന്നു. 2015-16 വർഷം റോഡ് റെസ്റ്റോറേഷൻ ഇനത്തിൽ ജലനിധിയിൽനിന്നും 4/8/15 ന് പഞ്ചായത്തിന് ലഭ്യമായ 25 ലക്ഷം രൂപയും,9/3/16 ന് ലഭ്യമായ 8 ലക്ഷം രൂപയും കൂടി ആകെ 33 ലക്ഷം രൂപ,യഥാക്രമം 13/8/15,17/3/16 എന്നീ തീയ്യതികളിലായി PNB യി ലെ ജലനിധി അക്കൗണ്ടിൽ നിക്ഷേപിക്കുകയാണുണ്ടായത്. പഞ്ചായത്തിന്റെ ബാധ്യതയായ ഈ തുക പഞ്ചായത്ത് വിഹിതമായി ജലനിധിക്ക് കൈമാറിയതുവഴി റോഡ് റെസ്റ്റോറേഷന് ഇനി പഞ്ചായത്ത് ഫണ്ട് കണ്ടെത്തേണ്ടിയിരിക്കുന്നു. 15-16 വർഷം ലോകബാങ്ക് ഫണ്ട് ലഭ്യമാകാത്തതിനാലാണ് ഇപ്രകാരം ചെയ്യേണ്ടിവന്നെതെന്നാണ് പഞ്ചായത്തിൽനിന്നും വിശദീകരിച്ചത്.

## 3-12). കുടിവെള്ള പദ്ധതികൾ - ഗുണഭോക്തൃ സമിതികളെ ഏൽപ്പിച്ചിട്ടില്ല.

11 കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്, പമ്പ് ഓപ്പറേറ്ററുടെ വേതനം എന്നി ഇനങ്ങളിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കാണുന്നു. ജി.ഒ.(എം.എസ്) 362/13 തീയ്യതി.16.11.13 ഖണ്ഡിക 7.12 പ്രകാരം കുടിവെള്ള പദ്ധതികളുടെ പ്രയോജനം ലഭിക്കുന്ന കുടുംബങ്ങളെ ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും പദ്ധതിയുടെ തുടർനടത്തിപ്പും അറ്റകുറ്റപണിയുടെ ചുമതലയും അത്തരം ഗ്രൂപ്പുകളെ ഏൽപ്പിക്കേണ്ടതുമാണ്. പദ്ധതികളുടെ വിവരങ്ങൾ ഇതോടപ്പം പ്രത്യേകം ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ളപദ്ധതിയുടെ പേര് | കൺസ്യൂമർ നം. | ചെലവ ഴിച്ചതുക | മറ്റു ചെലവ് |
|---|---|---|---|---|
| 1 | കടവല്ലൂർ കുടിവെള്ളപദ്ധതി | 14084 | 33063 | |
| 2 | പറയക്കാട്ട് | 4379 | 9300 | 58826 |

| | | | | |
|---|---|---|---|---|
| | കുടിവെള്ളപദ്ധതി | | | |
| 3 | കാക്കശ്ശേരി കുടിവെള്ളപദ്ധതി | 15485 | 17260 | |
| 4 | ഏറത്ത്മൂല കുടിവെള്ളപദ്ധതി | 13648 | 11620 | |
| 5 | വാക എ.കെ.ജി | 15024 | 168951 | |
| 6 | X-ാം വാർഡ് കുടിവെള്ളപദ്ധതി | 14670 | 3200 | |
| 7 | വിളക്കിത്തല കുടിവെള്ളപദ്ധതി | 13367 | 42207 | |
| 8 | ഒ.കെ.വൈദ്യർ കുടിവെള്ളപദ്ധതി | 17428 | 3576 | |
| 9 | കാട്ടേരി കുടിവെള്ളപദ്ധതി | 13947 | 93243 | |
| 10 | ചേലൂർ കുടിവെള്ളപദ്ധതി | 11003 | 70108 | |
| 11 | ഗാന്ധിസ്മാരക കുടിവെള്ളപദ്ധതി | 13375 | 19399 | |
| | ആകെ ചെലവ് | | 471927 | 58826 |

കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് ഏൽപ്പിക്കേണ്ടതാണ്.

## 3-13) വാഹനപരിപാലനം-അപാകതകൾ

പഞ്ചായത്തിത്തിൽ നിലവിൽ രണ്ട് വാഹനങ്ങളാണ് ഉപയോഗിച്ചുവരുന്നത്.

1.KL 46 L—7055-ബോലേറോ

2.KL 46 L -421മാരുതി ഓമ്നി വാൻ

ഈ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട ചെലവു പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സർക്കാർ ഉത്തരവ് പാലിക്കുന്നില്ല.

വാഹനങ്ങളുടെ ശരിയായ ഉപയോഗം, സംരക്ഷണം, ഉപയോഗത്തിന്റെ നിയന്ത്രണം എന്നിവ സംബന്ധിച്ച 30.06.2007ലെ ജി. ഒ (എം.എസ്) 170/07 ത.സ്വ.ഭ.വ ഉത്തരവിനനുസൃതമായിട്ടല്ല വാഹനങ്ങൾ ഉപയോഗിച്ചുവരുന്നത്.

1. വാഹന രജിസ്റ്റർ, ഇന്ധന ഓർഡർ ബുക്ക്,റിപ്പയർ, സ്റ്റോക്ക് രജിസ്റ്റർ ,ഫ്യൂവൽ രജിസ്റ്റർഎന്നിവ സൂക്ഷിക്കുന്നില്ല.

2. ലോഗ് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല.ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തി ലോഗ് ബുക്ക് സാക്ഷ്യപ്പെടുത്താതിരിക്കുക,ഇന്ധനക്ഷമത നടത്തി സർട്ടിഫിക്കറ്റ് തയ്യാറാക്കൽ, മാസാന്ത്യ സംക്ഷിപ്തം എന്നിവ നടത്താതിരിക്കുക.

3. കസ്റ്റോഡിയനോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെയോ സാന്നിദ്ധ്യത്തിൽ ഇന്ധനടാങ്കിൽ പൂർണ്ണമായും ഇന്ധനം നിറച്ചിട്ടില്ല.

4. അറ്റകുറ്റ പണികളുടെ വിവരം ലോഗ് ബുക്കിൽ ചേർക്കുന്നില്ല. ഏത് വാഹനത്തിനാണ് റിപ്പയർ എന്നത് പല ബില്ലുകളിലും കാണുന്നില്ല.

5. വാഹനത്തിൽ യാത്ര ചെയ്ത ഉദ്യോഗസ്ഥർ പലപ്പോഴും ഒപ്പ് വെയ്ക്കുന്നില്ല.

2. ലോഗ് ബുക്കിൽ രേഖപ്പെടുത്തൽ ഇല്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

എളവള്ളി ഗ്രാമപഞ്ചായത്തിന്കീഴിലുള്ള രണ്ട് വാഹനത്തിലും ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല. ലോഗ് ബുക്കിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവഴിച്ച തുക 186792/- രൂപ ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

| മാസം | ചിലവഴിച്ചതുക | |
|---|---|---|
| | തനതുഫണ്ട് | പ്ലാൻ ഫണ്ട് |
| 4/15 | | |
| 5/15 | 5300 | |
| 6/15 | 4200 | |
| 7/15 | 19805 | 4500 |
| 8/15 | 22123 | |
| 9/15 | 17661 | |
| 10/15 | 18513 | 5400 |
| 11/15 | 20049 | |
| 12/15 | 16450 | |
| 01/16 | 15478 | 5100 |
| 02/16 | 12412 | 2100 |
| 03/16 | 14101 | 3600 |
| ആകെ | 166092 | 20700 |

# 3-14) ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കൽ-അപാകതകൾ

1.സർക്കാർ ഉത്തരവിന് വിരുദ്ധമായി താൽക്കാലിക ജിവനക്കാരെ നിയമിച്ചു.

സ.ഉ.(പി) നമ്പർ 189/2000/LSGDതീയ്യതി. 04.07.2000 & തദ്ദേശസ്വയംഭരണവകുപ്പ് (ഇ.പി.എ) വകുപ്പിന്റെ 02.03.2009 ലെ 79865/ഇ.പി.എ1/08/ തസ്വഭവ സർക്കുലർ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ പദ്ധതിപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, കണക്കുകൾ തയ്യാറാക്കുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും, ജോലി ഭാരം കുറക്കുന്നതിനും ഗ്രാമപഞ്ചായത്തിലെ ഗ്രാമവാസികളായ യോഗ്യതയുള്ളവരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണെന്നും ഇത്തരത്തിൽ നിയമിക്കപ്പെടുന്നവർക്ക് താൽക്കാലികാടിസ്ഥാനത്തിൽ 100 പ്രവൃത്തി ദിവസങ്ങൾ ജോലി നൽകാവുന്നതാണെന്നും ഉത്തരവുള്ളതാണ്. ഇതിനു വിരുദ്ധമായി 2015-16 കാലയളവിൽ താൽക്കാലികാടിസ്ഥാനത്തിൽ ക്ലറിക്കൽ തസ്തികയിൽ താഴേ പറയുന്ന തരത്തിൽ ജീവനക്കാരെ നിയമിച്ച് വേതനം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി ജീവനക്കാരെ നിയമിച്ച് വേതനം നൽകിയ ഇനത്തിലുള്ള 200500/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

| മാസം | ജീവനക്കാരന്റെ പേര് | | | |
|---|---|---|---|---|
| | മിനി.ടി.പി | ഷഹിന.M.M | ഫ്രാൻസിസ് | ആശ |
| 4/15 | 10000 | 9200 | 10000 | |
| 5/15 | 8400 | 8400 | | |
| 6/15 | 9200 | 8800 | | |
| 7/15 | 10000 | | | |
| 8/15 | 9200 | 10000 | | |
| 9/15 | 8000 | 8000 | | |
| 10/15 | 8800 | 8800 | | |
| 11/15 | 12400 | 12400 | | |
| 12/15 | 9200 | 3200 | | |
| 01/16 | 9600 | | | |
| 02/16 | 9200 | | | |
| 03/16 | 9600 | | | 8100 |
| ആകെ | 113600 | 68800 | 10000 | 8100 |

## 3-15) കൈമാറികിട്ടിയ ആരോഗ്യസ്ഥാപനങ്ങളിലേ ജീവനക്കാരുടെ വേതനം നൽകൽ-ചിലവഴിച്ച സംഖ്യ ലഭ്യമായിട്ടില്ല.

എളവള്ളി ഗ്രാമപഞ്ചായത്തിന് കൈമാറികിട്ടിയിട്ടുള്ള ആരോഗ്യസ്ഥാപനമായ ഹോമിയോ ആശുപത്രിയിലെ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന താഴെ പറയുന്ന ജീവനക്കാരുടെ വേതനം പഞ്ചായത്തിന്റെ തനതുഫണ്ടിൽനിന്ന് നൽകിയിട്ടുണ്ട്.ഇപ്രകാരം സംഖ്യ ചെലവഴിക്കാൻ സർക്കാരിന്റെ ഉത്തരവുള്ളതാണെങ്കിലും ചിലവഴിച്ചതുക ബന്ധപ്പെട്ട

വകപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഈ ഇനത്തിൽ ചിലവഴിച്ചതുക നാളിതുവരെ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| മാസം | ജീവനക്കാരന്റെ പേര് | |
|---|---|---|
| | വേശ്രു.എം.ആർ | ജയലക്ഷ്മി |
| 6/15 | 2800 | |
| 8/15 | 9450 | |
| 9/15 | 9310 | |
| 10/15 | 9100 | |
| 11/15 | 3500 | 5250 |
| 12/15 | | 8750 |
| 01/16 | | 9450 |
| 02/16 | | 8750 |
| 03/16 | | 8750 |
| ആകെ | 34160 | 40950 |

## 3-16)പൊളിച്ചു മാറ്റിയ ഷീറ്റ് സ്റ്റോക്കിലെടുത്ത് ലേലം ചെയ്തില്ല.

എം.ബുക്ക് നം.13/15-16

കരാറുകാരൻ:ഹരീഷ് കുമാർ

DD.No.619932/29-2-16 Rs.67671/-

പ്രോജക്ട് നം. 155/16-പഞ്ചായത്ത് വെഹിക്കിൾ ഷെഡ് നിർമ്മാണം എന്ന പ്രവൃത്തിക്കായി നിലവിലുണ്ടായിരുന്ന പഴയ ഷെഡ് പൊളിച്ചു മാറ്റി പുതിയ ഷെഡ് നിർമ്മിക്കുകയാണുണ്ടായത്. എന്നാൽ പൊളിച്ചു മാറ്റിയപ്പോൾ ലഭിച്ച 48m2 പഴയ GI sheet ഉം,അനുബന്ധ സാമഗ്രികളും സ്റ്റോക്കിലെടുക്കുകയോ മൂല്യം നിശ്ചയിച്ച് ലേലം നടത്തുകയോ ചെയ്തിട്ടില്ല. ആയത് എത്രയും വേഗം ലേലം നടത്തി തുക പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-17)സർക്കാർ നിർദ്ദേശം പാലിച്ചില്ല.

28/11/12-ലെ Circular No. 68228/FM.1/2012 LSGD പ്രകാരം പഞ്ചായത്ത് റോഡുകളിൽ നിലവിൽ അറ്റകുറ്റപണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായി തീരുമാനം എടുത്തശേഷമേ മെയിന്റനൻസ് ഫണ്ട് (റോഡ്) മെറ്റലിംഗ്, ടാറിംഗ്,കോൺക്രീറ്റിംഗ് തുടങ്ങിയ നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കാവൂ. എന്നാൽ ഇതിനു വിരുദ്ധമായി ഇത്തരമൊരു തീരുമാനത്തിന്റെ അഭാവത്തിലും പഞ്ചായത്തിൽ നിരവധി റോഡ് നിർമ്മാണപ്രവൃത്തികൾ മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. ആയതിന്

വിശദീകരണം നൽകേണ്ടതാണ്.

## 3-18) ആശ്രയ പദ്ധതി

| ഇനം | 1st പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ* | 54 | 50 |
| പ്രോജക്ടുപ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 9 | 5 |
| നാളിതുവരെ ലഭിച്ചവർ | 3 | - |
| പ്രോജക്ടുപ്രകാരം വീട് ആവശ്യമുള്ളവർ | 25 | 9 |
| നാളിതുവരെ ലഭിച്ചവർ | 10 | - |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 21 | 15 |
| നാളിതുവരെ ലഭിച്ചവർ | 11 | - |
| കക്കൂസ് ആവശ്യമുള്ളവർ | 7 | - |
| നാളിതുവരെ ലഭിച്ചവർ | 0 | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 40 | - |
| നാളിതുവരെ ലഭിച്ചവർ | 40 | - |
| കറന്റ് ആവശ്യമുള്ളവർ | 0 | - |
| നാളിതുവരെ ലഭിച്ചവർ | 0 | - |

പഞ്ചായത്തിൽ നാളിതുവരെ രണ്ടാംഘട്ടം ആരംഭിച്ചിട്ടില്ല.

ജി.ഒ (എം.എസ്)362/13/ത.സ്വ.ഭ.വ തീയതി 16.11.13 അനുബന്ധം 14 ഖണ്ഡിക 67(i) പ്രകാരം ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെയ്ക്കുന്നതിന് സ്ഥലം

ലഭ്യമാക്കിയതിനു ശേഷം മാത്രമാണ് ദാരിദ്ര്യരേഖക്ക് താഴെയുള്ള ഇതര വിഭാഗങ്ങൾക്ക് സ്ഥലം അനുവദിക്കാവുന്നത്. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖണ്ഡിക 68(i) പ്രകാരം ഭവനരഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന ധനസഹായം മുൻഗണനാ അടിസ്ഥാനത്തിൽ നൽകണം. കുടിവെള്ളം നൽകിയത് ജലനിധി പദ്ധതി പ്രകാരമാണ്.

ആശ്രയ അക്കൗണ്ടിൽ നീക്കിയിരുപ്പ് വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നം | നീക്കിയിരുപ്പ് |
|---|---|---|
| ചിറ്റാട്ടുകര സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 5057 | 31.3.16 – 321503 |
| | 6173 | 31.3.16 – 383279 |

ആശ്രയ ഗുണഭോക്താക്കളുടെ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യപ്രാപ്തിയിലെത്താത്ത സാഹചര്യത്തിലാണ് ഉയർന്ന ശേഷിയുള്ള മറ്റ് വിഭാഗങ്ങളിലുള്ളവർക്ക് ഭീമമായ തുകകൾ വകയിരുത്തി സ്ഥല/ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുന്നത്. രണ്ടാം ഘട്ട പദ്ധതിയിൽ ആശ്രയ ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രോജക്ട് തയ്യാറാക്കി ആയത് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19) പദ്ധതിചെലവ് നിരീക്ഷിക്കൽ - പദ്ധതി പണം പൂർണ്ണമായും ചെലവഴിച്ചില്ല

2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് ലഭ്യമായ വിവിധ ഫണ്ടുകളുടെ ചെലവ് വിവരം താഴെ കൊടുക്കുന്നു.

| ക്രമനം | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | പ്ലാൻ ഫണ്ട് ജനറൽ | 11463689 | 9173845 | 80 |
| 2 | പ്ലാൻ ഫണ്ട് SCP | 5375581 | 1548400 | 28.8 |
| 3 | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 6252734 | 3938424 | 63 |
| 4 | ലോകബാങ്ക് ധനസഹായം | 2672715 | 2664248 | 99.68 |
| 5 | പ്ലാൻ ഫണ്ട് TSP | 9000 | 9000 | 100 |

| | | | | |
|---|---|---|---|---|
| 6 | കേന്ദ്ര ധനസഹായം | 1703148 | 402294 | 24 |
| 7 | മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 2778050 | 2137861 | 77 |
| 8 | മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 12406168 | 11021079 | 89 |
| 9 | തനത് ഫണ്ട് | 8506606 | 3452899 | 41 |
| 10 | ബ്ലോക്ക് വിഹിതം | 150000 | 150000 | 100 |
| 11 | ജില്ലാ പഞ്ചായത്ത് വിഹിതം | 450000 | 450000 | 100 |
| 12 | മറ്റുള്ളവ | 14266050 | 64000 | .44 |

2015-16 വർഷം പ്രോജക്ടുകൾക്കായി വകയിരുത്തിയ ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. വിവിധ പദ്ധതികൾക്കായി വകയിരുത്തിയ SCP പ്ലാൻ ഫണ്ട് 28.8 ശതമാനവും ,ധനകാര്യകമ്മീഷൻ ഗ്രാന്റ് 63 ശതമാനവുമാണ് ചെലവ് ചെയ്തത്. അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കേണ്ടിയിരുന്ന 4317200 രൂപയുടെ എസ്.സി പദ്ധതികളിൽ ആകെ 12,25,400 രൂപ മാത്രമാണ് 15-16 ൽ ചെലവഴിക്കാനായത്. സമൂഹത്തിലെ പാവപ്പെട്ട ദുർബ്ബല വിഭാഗത്തിനായി സർക്കാർ അനുവദിച്ച ഫണ്ട് മേൽപ്രകാരം നഷ്ടപ്പെടുത്തിയത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2014-15 | 300000 | പറക്കാട് വായനശാല | 300000 | 0 |
| | 2015-16 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |
| ജില്ലാ പഞ്ചായത്ത് | 2012-13 | 200000 | പനങ്ങാട് റോഡ് ഫില്ലിങ്ങ് | 148150 | 51850 (ലാപ്സായത്) |
| ആകെ | | 800000 | | 748150 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രോജക്ട് നം/ പേര് | ബിൽ നം/തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 89/16, മാർക്കറ്റ് റോഡ് സ്ട്രീറ്റ് മെയിൻ വലിക്കൽ | 38/10-3-16 | 67650 | 0 | 67650 |
| ,, | 119/16, കപ്പാറ 11കെ.വി.ലൈൻ പൊളിച്ചുനീക്കൽ | D.D.No.384510dt.30/3 /16-10000/-, D.D.No. 384511dt.30/3 /16-48000/- | 58000 | 0 | 58000 |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരം 1050000/- രൂപ 2015-16 വർഷം തിരിച്ചടച്ചിട്ടുള്ളതായും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക 18,00,000/- രൂപ നീക്കിയിരിപ്പും കാണിച്ചിട്ടുണ്ട്. എന്നാൽ ലോൺ രജിസ്റ്ററിലെ വിവരങ്ങൾ കൃത്യമല്ല. വായ്പയുടെ വിനിയോഗം, വായ്പ തിരിച്ചടവ് സംബന്ധിച്ച പരാമർശം ഭാഗം മൂന്നിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 13800 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 13800 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13800 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്ക്,<br>പി,കെ ബാലകൃഷ്ണൻ സ്മാരക പുരസ്കാരം | 800 |
| ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്ക്,<br>പി.പി ദേവസ്സി ഷഷ്ഠിപൂർത്തി സ്മാരക പുരസ്കാരം | 7000 |
| തൃശ്ശൂർ സഹകരണ സ്പിന്നിങ്ങ് മിൽ നിക്ഷേപം | 1000 |
| വാഴാനി - വിരുപ്പാക്ക സ്പിന്നിങ്ങ് മിൽ നിക്ഷേപം | 5000 |
| ആകെ | 13800 |

കാലാവധി കഴിഞ്ഞ സ്ഥിര നിക്ഷേപങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 88425745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 101995490 |
| വരവിനങ്ങളിലുള്ള നഷ്ടം | 1515600 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2979442 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(1) | 1515600 | | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| 3-3 | | 50000 | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| 3-8 | | 25000 | ഉഷ വിൻസന്റ്, എച്ച്. എം, ജി.എൽ.പി.എസ്, കാക്കശ്ശേരി |
| ആകെ | | 75000 | |

(സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1548150 | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| 3-4 | 100000 | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| 3-5 | 799000 | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| 3-9 | 145000 | ഉഷ വിൻസന്റ്, എച്ച്. എം, ജി.എൽ.പി.എസ്, കാക്കശ്ശേരി |
| 3-13-2 | 186792 | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| 3-14 | 200500 | ടി.എ പ്രേമരാജൻ , സെക്രട്ടറി |
| ആകെ | 2979442 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് )റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.എ പ്രേമരാജൻ , സെക്രട്ടറി | സെക്രട്ടറി, എളവള്ളി ഗ്രാമ പഞ്ചായത്ത് | തലപ്പിള്ളി (ഹൗസ് )<br>പി.ഒ. ആർത്താറ്റ്<br>തൃശ്ശൂർ |
| ഉഷ വിൻസന്റ്, എച്ച്. എം, ജി.എൽ.പി.എസ്, കാക്കശ്ശേരി | എച്ച്. എം, ജി.എൽ.പി.എസ്, കാക്കശ്ശേരി | പുലിക്കോട്ടിൽ കാക്രാട്ട് (വീട് )<br>കാക്രാട്ട് പടി<br>പി.ഒ. പാവറട്ടി |

## 4-8. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1981മുതൽ1988വരെ | എൽ എഫ് ടി 11-1084/98 /26.07.98 | |

| | | |
|---|---|---|
| 88-89-89-90 | എൽ എഫ് ടി 11-148/94/20.10.94 | |
| 90-91 | ടി | |
| 91-92 | എൽ എഫ് ടി 11-626/93/20.11.93 | |
| 92-93 | ടി | |
| 93-94 | ടി | |
| 94-95 | എൽ എഫ് ടി 15-1239/04 /28.01.05 | |
| 95-96 | എൽ എഫ് ടി 15-1238/04 /17.02.05 /07.06.05 | |
| 96-97 | എൽ എഫ് ടി 15-1240/04 /07.02.05 | |
| 97-98 | എൽ എഫ് ടി 15-1237/04 /08.02.05 /07.06.05 | |
| 98-99 | എൽ എഫ് ടി 15-1236/04 /14.02.05/01.07.05 | |
| 99-2000 | എൽ എഫ് ടി 15-1811/17.02.06 | |
| 99-2000-2000-01 2001-02 ജനകീയആസൂത്രണം | എൽ എഫ് ടി 15-1016/04 /16.4.04/13.07.04 | |
| 2000-01-2001-02 | എൽ എഫ് ടി 15-2377/07 /09.11.07 | |
| 2002-03 | എൽ എഫ് ടി 15-1052/08 /21.04.10 | |
| 2003-04 | എൽ എഫ് ടി | |

| | | |
|---|---|---|
| | 15-1053/08 /21.04.10 | |
| 2004-05 | എൽ എഫ് ടി 15-210/09 /22.04.10/ 05.06.10 | |
| 2005-06 | എൽ എഫ് ടി 15-420/10/13.09.10 | |
| 2006-07 | എൽ എഫ് ടി 15-421/10/14.09.10 /14.02.11 | |
| 2007-08 | എൽ എഫ് ടി പി7)374/11/11.03.11 | |
| 2008-09 | എൽ എഫ് ടി (പി7)375/11 /15.03.11 | |
| 2009-10 | എൽ എഫ് ടി (പി7)376/11 /16.03.11/31.03.11 | |
| 2010-11 | എൽ എഫ് ടി (പി1)2407/12 /16.07.13 | |
| 2011-12 | എൽ എഫ് ടി (പി1)714/13 /16.08.13/05.10.13 | |
| 2012-13 | എൽ എഫ് ടി (പി5)58/2014 /12.08.14/18.09.14 | |
| 2013-14 | കെ എസ് എ-ടി എസ് ആർ (പി5)190/15 08.07.15 /28.09.15 | |
| 2014-15 | കെ എസ് എ-ടി എസ് ആർ (പി5)932/16 13.06.16 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-ടി.എസ്.ആർ(പി.5)2126/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർപിൻ 680 020

ഫോൺ- 0487 2331249

Email: dotsr.ksad@kerala.gov.in

തീയതി :16.01.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2015- 16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ

No. KSA-TSR(P5)2126/2016

Kerala State Audit Department

District Audit Office,

ThrissurPIN- 680 020

Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated :16.01.2017

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Elavally Gramapanchayat in Thrissur District for the year ended on 31-03-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Elavally Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.